# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# ധർമ്മടം ഗ്രാമപഞ്ചായത്ത് ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
## ജില്ലാ ഓഡിറ്റ് കാര്യാലയം
## കണ്ണൂർ
## 670001

# ഇ-മെയിൽ: doknr.ksad@kerala.gov.in
# ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/ സി.9/1280/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഡെപ്യൂട്ടി ഡയറക്ടർ

തീയ്യതി: 27/09/2025

ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ധർമ്മടം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ധർമ്മടം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ധർമ്മടം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത

ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/
സി.9/1280/2025

തീയ്യതി: 27/09/2025

# കണ്ണൂർ ജില്ലയിലെ ധർമ്മടം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ധർമ്മടം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-08-2024 മുതൽ 20-07-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 32 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 37 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും

വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 31-07-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ജ്യോതിഷ് കുമാർ.സി.വി | ഡെപ്യൂട്ടി ഡയറക്ടർ | 21-07-2025 | 31-07-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-07-2025 | 31-07-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.സുരേശൻ.പി.വി,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീമതി.റീന പട്ടന്ത്, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.നിഖിൽ കെ,ഓഡിറ്റർ
ശ്രീ.വരുൺ ദാസ് വി.പി.ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. എൻ.കെ. രവി | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ. മുഹമ്മദ് ഷാജി.എ.എസ് | സെക്രട്ടറി | 01-04-2024 | 31-05-2024 |
| ശ്രീമതി. ഷബ്ന. കെ.വി, അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2024 | 15-06-2024 |
| ശ്രീ. മുഹമ്മദ് ഷാജി.എ.എസ് | സെക്രട്ടറി | 16-06-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ധന്യ. ഇ.പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 26-10-2024 |
| ശ്രീ.സുധീർ.എം.വി | അസിസ്റ്റന്റ് എഞ്ചിനീയർ | 27-10-2024 | 31-03-2025 |
| ശ്രീ. സച്ചിൻ. കെ | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ. ദിൽനാഥ് കല്ലാട്ട് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| ഡോ. ധന്യ. പി.എം | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2024 | 31-03-2025 |
| ശ്രീമതി. ഷിബിന | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| ശ്രീ. വിൽഫ്രഡ് സാജൻ | വി.ഇ.ഒ, പാലയാട് സർക്കിൾ | 01-04-2024 | 31-03-2025 |
| ശ്രീമതി. പ്രീജയ. സി.കെ | വി.ഇ.ഒ, ധർമ്മടം സർക്കിൾ | 01-04-2024 | 31-03-2025 |
| ശ്രീ. മൊയ്തു. എൻ.പി | ഹെഡ് മാസ്റ്റർ | 01-04-2024 | 31-05-2024 |
| ശ്രീമതി. പ്രീത.കെ.പി | ഹെഡ് മാസ്റ്റർ | 01-06-2024 | 18-06-2024 |
| ശ്രീ. രാജൻ.എം.വി | ഹെഡ് മാസ്റ്റർ | 19-06-2024 | 13-10-2024 |
| ശ്രീ. അനീഫ്.കെ.ടി | ഹെഡ് മാസ്റ്റർ | 14-10-2024 | 31-03-2025 |
| ശ്രീമതി. ഷൈജി. കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2024 | 01-08-2024 |
| ശ്രീമതി. ഗ്രീഷ്മ.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 02-08-2024 | 31-03-2025 |
| ശ്രീമതി. ഷബ്ന. കെ.വി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |
| ഡോ. പ്രീതി എം പ്രദീപ് | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2024 | 31-03-2025 |
| ശ്രീമതി സരിത കെ.വി. | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2024 | 24-04-2024 |

| | | | |
|---|---|---|---|
| ശ്രീമതി അർഷ ബി | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 25-04-2024 | 31-12-2024 |
| ശ്രീ. റിജുൽ രാജ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-01-2025 | 31-03-2025 |
| ഡോ. ശ്രീനിഷ് എസ്.എസ് | വെറ്റിനറി സർജ്ജൻ | 01-04-2024 | 31-03-2025 |

# ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല. | 1-1-1 |
| 3 | HUDCO ലോൺ-തിരിച്ചടക്കാനുള്ള തുകയിൽ പലിശ ഉൾപ്പെടുത്തി | 1-1-2 |
| 4 | ബാലൻസ് ഷീറ്റ് ബി 14 ഷെഡ്യൂളിൽ ക്ലോസിംഗ് സ്റ്റോക്ക് രേഖപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള മുൻകൂർ തുകകളുടെ വിവരം കൃത്യമല്ല. | 1-1-4 |
| 6 | ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സിൽ തൻവർഷത്തെ ചെലവ് വിവരം ഉൾപ്പെടുത്തിയിട്ടില്ല. | 1-1-5 |
| 7 | ബാധ്യത തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-1-6 |
| 8 | സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. | 1-1-7 |
| 9 | റിക്കൺസിലിയേഷൻ പത്രികയിലെ (Directly Debited By Bank) തുകകൾ ക്രമീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. | 1-1-8 |
| 10 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-9 |
| 11 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് | 1-1-10 |
| 12 | പ്രയർ പിരിയഡ് ഐറ്റംസ്-രേഖകൾ സൂക്ഷിച്ചിട്ടില്ല | 1-1-11 |
| 13 | ആസ്തി രജിസ്റ്റർ കാലീകമാക്കി സൂക്ഷിച്ചിട്ടില്ല. | 1-1-12 |

| | | |
|---|---|---|
| 14 | ഭൂമിയുടെ യഥാർത്ഥ മൂല്യം ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-13 |
| 15 | ബജറ്റ് | 1-2 |
| 16 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 17 | ഫണ്ട് വിനിയോഗം | 1-4 |
| 18 | പദ്ധതി അവലോകനം | 1-5 |
| 19 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി | 1-6 |
| 20 | ക്ഷേമ പദ്ധതികൾ | 1-7-0 |
| 21 | ക്ഷേമപെൻഷൻ - അനർഹരെ ഒഴിവാക്കിയത് സംബന്ധിച്ച വിവരങ്ങൾ | 1-7-1 |
| 22 | ക്യാഷ് പരിശോധന | 1-8 |
| 23 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 24 | ഗ്രാമ സഭ /വർക്കിംഗ് ഗ്രൂപ്പ് | 1-10 |
| 25 | വസ്തു നികുതി സംബന്ധിച്ച അപാകങ്ങൾ | 1-11 |
| 26 | വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭം-സബ്സിഡി അനുവദിച്ചതിലും പ്രോജക്റ്റ് നടത്തിപ്പിലും കാര്യമായ അപാകങ്ങൾ- ₹375000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-12 |
| 27 | വനിതകൾക്ക് വ്യക്തിഗത സ്വയം തൊഴിലിന് ധനസഹായം നൽകൽ- പ്രോജക്റ്റ് നടത്തിപ്പിൽ കാര്യമായ അപാകങ്ങൾ- ചെലവ് തുക ₹90000 തടസ്സപ്പെടുത്തുന്നു. | 1-13 |
| 28 | ലൈഫ് ഭവന നിർമ്മാണം- ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്. | 1-14 |
| 29 | സെപ്റ്റിക്ക് ടാങ്ക് സ്ഥാപിക്കൽ-സബ്സിഡി മാർഗ്ഗരേഖ മാനദണ്ഡം പാലിച്ചതിന് വ്യക്തതയില്ല. | 1-15 |

| | | |
|---|---|---|
| 30 | വനിതകൾക്ക് ഫിറ്റ്നസ് സെൻ്റർ- പ്രവർത്തനം ആരംഭിച്ചിട്ടില്ല - ₹750420 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-16 |
| 31 | വയോജന സംഗമം- ഫണ്ട് വകമാറ്റി ചെലവഴിച്ചി | 1-17 |
| 32 | സാന്ത്വന പരിചരണ പദ്ധതി-മരുന്നുകൾ ലഭ്യമാകാത്തതിനാൽ ₹3584 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-18 |
| 33 | മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകൾ-വാങ്ങൽ നടപടികൾ സ്വീകരിച്ചിട്ടില്ല. | 1-19 |
| 34 | ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ-മുഴുവൻ മരുന്നുകളും ലഭ്യമാകാത്തതിനാൽ ₹33517 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-20 |
| 35 | ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. | 1-21 |
| 36 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി വിതരണത്തിലെ അപാകങ്ങൾ | 1-22 |
| 37 | അടുക്കള മുറ്റത്ത് കോഴി വളർത്തൽ - കോഴി വിതരണം അപാകങ്ങൾ | 1-23 |
| 38 | ഗ്രാമ പഞ്ചായത്തിലെ പ്രാഥമിക വിദ്യാലയങ്ങൾക്കും അംഗീകൃത ഗ്രന്ഥശാലകൾക്കും ദിനപത്രം നൽകൽ -1080 രൂപ തിരികെ ഈടാക്കേണ്ടതാണ്. | 1-24 |
| 39 | തെങ്ങിന് ജൈവ വളം -2290 രൂപ തിരികെ ഈടാക്കേണ്ടതാണ്. | 1-25 |
| 40 | ഐ കെ എമിന് പഞ്ചായത്ത് വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. 91228 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-26 |

| | | |
|---|---|---|
| 41 | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല - ₹2826000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-27 |
| 42 | എ ബി സി പദ്ധതിക്ക് തുക നൽകൽ- വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. ₹ 150000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-28 |
| 43 | തെരുവ് വിളക്ക് വാർഷിക അറ്റകുറ്റപണി - പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ - 210000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-29 |
| 44 | വിവര സഞ്ചയിക തയ്യാറാക്കൽ. പ്രോജക്ടുമായി ബന്ധപ്പെട്ട പൂർത്തീകരണ രേഖകൾ ഹാജരാക്കിയിട്ടില്ല. ₹535041 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-30 |
| 45 | കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്ക് എ. എം. സി- ടി ഡി എസ് ഈടാക്കിയില്ല | 1-31 |
| 46 | ചികിത്സാ ധനസഹായം- സർക്കാരിൽ നിന്നും തുക ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. | 1-32 |
| 47 | ജലജീവൻ മിഷൻ- പദ്ധതി വിവരം | 1-33 |
| 48 | ധർമ്മടം ഗ്രാമപഞ്ചായത്ത്- ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും | 1-34 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച വിവരങ്ങൾ | 4-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |

| | | |
|---|---|---|
| 3 | സംയുക്ത പ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-5 |
| 6 | വായ്പ / വായ്പാതിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-9 |
| 10 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | RECEIPT & PAYMENT STATEMENT | |
| 4 | INCOME & EXPENDITURE STATEMENT | |
| 5 | BALANCE SHEET | |